**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരും ആയിട്ടുള്ളവരുടെയും , പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീർണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെയും , വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ ഭൂമി , ഭവന സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | **പട്ടികജാതി വികസന വകുപ്പ് -** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ ഭവന പൂർത്തീകരണ/ പുനരുദ്ധാരണത്തിനായി 200000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി **സേഫ്** എന്ന പേരിൽ നടപ്പിലാക്കി വരുന്നു.<br><br>**പട്ടിക വർഗ വികസന വകുപ്പ്**<br><br>വനാവകാശ നിയമം , നിക്ഷിപ്ത വനഭൂമി വിതരണം , ലാൻഡ് ബാങ്ക് പദ്ധതി എന്നിവ മുഖേന പട്ടിക വർഗ ഭാഗത്തിൽപ്പെട്ടവർക്ക് കൈവശാവകാശ രേഖ / പട്ടയം അനുവദിച്ചു നൽകുന്നു. കൂടാതെ ഭവന പൂർത്തീകരണ/ പുനരുദ്ധാരണത്തിനായി 250000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി " സേഫ് " എന്ന പേരിൽ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ ഇതിനു പുറമെ ലൈഫ് മിഷൻ മുഖാന്തിരം സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കു ഭൂമി ആർജിക്കുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **വകുപ്പ്** | **ഭൂരഹിതർ** | **ഭവന രഹിതർ** | **ജീർണാവസ്ഥ യിലുള്ള വീടുകൾ** | **വൈദ്യുതീക രിക്കാത്ത വീടുകൾ** |
|---|---|---|---|---|
| പട്ടികജാതി വികസന വകുപ്പ് | 7635 | 11791 | 4630 | 97 |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 576 | 984 | 1132 | 1368 |